**പതിമൂന്നാം കേരള നിയമസഭ എട്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-1650**
**25/03/2013 ലെ മറുപടിക്ക്**
**ഫയൽ നടപടികളിലെ കാലതാമസം**

**ചോദ്യം**
**ശ്രീ.ചിറ്റയം ഗോപകുമാർ**

**ഉത്തരം**
**ശ്രീ.ഉമ്മൻ ചാണ്ടി**
(ബഹു.മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നിയമസഭാസാമാജികരുടെ ആസ്തി വികസന ഫണ്ട് ഉപയോഗ്യമാക്കിയുള്ള പദ്ധതികളിൽ അധികവും മൂന്നു വകുപ്പുകളിലൂടെയുള്ള നിരവധി തട്ടുകളിലൂടെ പൂർത്തിയാക്കേണ്ടുന്നതിനാൽ, സമയബന്ധിതമായി ഫയൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാത്ത നിരവധി സാഹചര്യങ്ങൾ നിലവിലുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | മറ്റു പ്രവൃത്തികൾക്കു ബാധകമായ നടപടിക്രമങ്ങൾ തന്നെയാണ് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിന്റെ കാര്യത്തിലും സ്വീകരിച്ചു വരുന്നത്. ഈ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് അമിതമായ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സാമ്പത്തിക വർഷാവസാനത്തിനു മുൻപ് സമയബന്ധിതമായി അനുബന്ധ ഫയൽ ജോലികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി ജീവനക്കാർക്കായി പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ? | എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയ ക്രമം നിശ്ചയിച്ചു കൊണ്ട് സർക്കാർ കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. (സർക്കുലർ നം. 73/12/ധന തീയതി 28.12.2012) (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ഈ പ്രവർത്തനങ്ങളുടെ പുരോഗതി ചീഫ്സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിൽ വിലയിരുത്തുകയുണ്ടായി. |
| (സി) | ഇല്ലായെങ്കിൽ അടിയന്തിരമായി മതിയായ നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | |

| | | |
|---|---|---|
| (ഡി) | യഥാസമയം കൃത്യമായി ഫയൽ നടപടികൾ പൂർത്തിയാക്കാതെ അകാരണമായി ചില ജീവനക്കാർ ഫയൽ നടപടികൾ വൈകിക്കുന്നത് മുഖാന്തിരം പൂർത്തീകരിക്കേണ്ട പദ്ധതികൾ ലാപ്സായി പോകുന്ന സാഹചര്യം നിലവിലുള്ളത് വിലയിരുത്തിയിട്ടുണ്ടോ? | അകാരണമായി ഫയൽ നടപടികൾ വൈകിക്കുന്നത് കാരണം എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെട്ട പദ്ധതികൾ ലാപ്സായി പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇല്ലായെങ്കിൽ അടിയന്തിരമായി അനുബന്ധ വിഷയത്തിൻമേൽ ഒരു വിലയിരുത്തലും തുടർനടപടിയും സ്വീകരിക്കുന്നതിന് തയ്യാറാകുമോ? | |
| (എഫ്) | ജീവനക്കാരുടെ കെടുകാര്യസ്ഥത മുഖാന്തിരം കോടിക്കണക്കിനായ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഫയൽ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്ത സാഹചര്യം പരിഗണിച്ച് ആയതിന് ഉത്തരവാദികളായവർക്കെതിരെ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള ശിക്ഷണ നടപടികൾ സംബന്ധിച്ച വിശദാംശം അറിയിക്കുമോ? | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൻെറ കാര്യത്തിൽ ഇപ്രകാരം ശിക്ഷണ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |
| (ജി) | ഫയൽ നടപടി ക്രമങ്ങളുടെ താമസം മൂലം പദ്ധതി തുക ലാപ്സായി പോകുന്ന സാഹചര്യം വിലയിരുത്തി വീഴ്ച വരുത്തിയിട്ടുള്ളവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള ശ്രമമുണ്ടാകുമോ? | ആസ്തി വികസന ഫണ്ടിൻ കീഴിൽ എം.എൽ.എ.മാർ 2012-13 വർഷത്തിൽ നിർദ്ദേശിച്ചതും എന്നാൽ 2013 മാർച്ച് 31 ന് മുമ്പ് ഭരണാനുമതി ലഭിക്കാതെ വന്നിട്ടുള്ളതുമായ പ്രവൃത്തികൾക്ക് സാമ്പത്തിക വർഷത്തിൻെറ കാലപരിധി പരിഗണിക്കാതെ തന്നെ 2013-14 ൽ ഭരണാനുമതി നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്